ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 21.09.2025

## പ്രധാനവാർത്തകൾ

1. നവരാത്രിയുടെ ആദ്യ ദിവസമായ നാളെ മുതൽ അടുത്ത തലമുറ ജിഎസ്ടി പരിഷ്ക്കാരങ്ങൾ പ്രാബല്യത്തിൽ വരുമെന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യവെ പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. ജി എസ് ടി പരിഷ്ക്കാരങ്ങളിലൂടെ രാജ്യവികസനത്തിൽ പുതു ചരിത്രത്തിന് തുടക്കമാകുമെന്നും യുവാക്കൾ, മധ്യവർഗം, കർഷകർ, സ്ത്രീകൾ, സംരംഭകർ എന്നിവർക്ക് ഏറെ പ്രയോജനം ചെയ്യുമെന്നും പ്രധാനമന്ത്രി.

3. പ്രവാസികളായ കേരളീയർക്കും കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതി 'നോർക്ക കെയർ' നാളെ നിലവിൽ വരും

4. ശ്രീനാരായണഗുരുവിന്റെ 98-ാം സമാധിദിനം സമുചിതമായി ആചരിച്ച് സംസ്ഥാനം.

RNUTVPM

5. ഏഷ്യാ കപ്പ് ടി-20 ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ന് ഇന്ത്യ -പാക് പോരാ ട്ടം.

&&&&&&&&&&&&&&

<u>പ്രധാനമന്ത്രി -അഭിസംബോധന</u>

നവരാത്രിയുടെ ആദ്യ ദിനമായ നാളെ മുതൽ അടുത്ത തലമുറ ജിഎസ്ടി പരിഷ്ക്കാരങ്ങൾ പ്രാബല്യത്തിൽ വരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ എല്ലാ ജനങ്ങൾക്കും നവരാത്രി ആശംസകൾ നേർന്നു കൊണ്ട് നാളെ സൂര്യോദയത്തോടെ പുതിയ ജി എസ് ടി ബചത് ഉത്സവത്തിന് തുടക്കമാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇതോടെ രാജ്യവികസനത്തിൻറെ ഒരു പുതു ചരിത്രത്തിന് തുടക്കം കുറിക്കും. മധ്യവർഗ്ഗത്തിനും യുവജനങ്ങൾക്കും ഏറെ പ്രയോജനം ചെയ്യുന്നതാണ് പുതിയ ജി എസ് ടി പരിഷ്ക്കാരങ്ങളെന്നും ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

വിവിധങ്ങളായ നികുതി വ്യവസ്ഥയിൽ കുടുങ്ങി ജനങ്ങൾ ഏറെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. എന്നാൽ, പുതിയ ജി എസ് ടി പരിഷ്കരണത്തിലൂടെ എല്ലാവരുടേയും ആശങ്കകൾക്ക് പരിഹാരം വന്നിരിക്കുന്നു. ഒരു രാജ്യം ഒരു നികുതി എന്ന സ്വപ്നം യാഥാർത്ഥ്യമായി. ജി എസ് ടി യിൽ ഏർപ്പെടുത്തിയിരിക്കുന്ന കുറവ് വരാനിരിക്കുന്ന ഉത്സവകാലത്ത് ജനങ്ങൾക്ക് ഏറെ ആശ്വാസമാകുമെന്നും ശ്രീ മോദി പറഞ്ഞു . 12 ശതമാനം ജി എസ് ടി ഏർപ്പെടുത്തിയിരുന്ന സ്ഥാനത്ത് ഇനി 99 ശതമാനത്തോളം ഉല്പന്നങ്ങൾക്കും 5 ശതമാനമായി നികുതി ഇളവ് ഏർപ്പെടുത്തിയതായും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

RNU TVPM

നിയോ മധ്യവർഗ്ഗത്തിന് രാജ്യത്തിൻറെ വളർച്ചയിൽ സുപ്രധാന പങ്കുണ്ട്. ആദായനികുതി പരിഷ്കരണത്തിലൂടെ മധ്യവർഗ്ഗത്തിന് ആദ്യ സമ്മാനം നൽകി. നികുതി ജി എസ് ടി പരിഷ്കരണംവഴി മധ്യവർഗ്ഗത്തിന് രണ്ടര ലക്ഷം കോടി രൂപയുടെ നേട്ടങ്ങളുണ്ടായി. വീട്, ടി വി, ഫ്രിഡ്ജ്, കാർ, സ്കൂട്ടർ തുടങ്ങിയവയ്ക്ക് വിലകുറഞ്ഞു. യാത്ര ചെയ്യുന്നവർക്കും നാളെ മുതൽ ഹോട്ടലുകളിലെ താമസ സൗകര്യത്തിന് ചെലവ് കുറയുമെന്നും ശ്രീ മോദി വ്യക്തമാക്കി. ഭാരതത്തിൻറെ സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനം എം എസ് എം ഇ കളാണ്. ലോകോത്തര നിലവാരമുള്ള ഉല്പന്നങ്ങളാണ് നമ്മുടെ എം എസ് എം ഇ കൾ ഉല്പാദിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ വിദേശ നിർമ്മിത വസ്തുക്കളുടെ ഉപയോഗം പ്രചാരത്തിലുണ്ട്. എന്നാൽ, മെയ്ഡ് ഇൻ ഇന്ത്യ, സ്വദേശി വസ്തുക്കൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിലായിരിക്കണം ഓരോ പൗരൻറെയും ഉത്തരവാദിത്തം നിറവേറ്റേണ്ടതെന്നും അദ്ദേഹം പറഞ്ഞു. അതിലൂടെ രാജ്യത്തെ ഓരോ പ്രദേശവും വികസിക്കുകയും വികസിത ഭാരതം എന്ന സങ്കല്പം സാർത്ഥകമാകുകയും ചെയ്യും. ജി എസ് ടി പരിഷ്കാരങ്ങളിൽ തുടർച്ചയുണ്ടാകുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&

<u>മിൽമ</u>

മിൽമ പാലുത്പന്നങ്ങൾക്ക് വില കുറയും. പുതുക്കിയ ചരക്ക് സേവന നികുതി നാളെ പ്രാബല്യത്തിൽ വരുന്നതോടെയാണിത്. ഗുണമേന്മയിൽ വിട്ടുവീഴ്ചയില്ലാതെ തന്നെ ജിഎസ് ടി ഇളവുകളുടെ മുഴുവൻ നേട്ടങ്ങളും ഉപഭോക്താക്കൾക്ക് കൈമാറാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നു മിൽമ ചെയർമാൻ കെ എസ് മണി പറഞ്ഞു. നെയ്യ്, വെണ്ണ, പനീർ എന്നിവയുടെ വിലയിൽ ഏഴ് ശതമാനത്തോളം കുറവ് വരും.

RNU TVPM

&&&&&&&&&&&&&&

<u>ജിഎസ്ടി - പ്രതികരണം(ഇൻട്രോ)</u>

GST നിരക്കുകളിലെ കുറവിനെ സംസ്ഥാനത്തെ വ്യവസായ സമൂഹം പരക്കെ സ്വാഗതം ചെയ്യുകയാണ്.

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് കേരള ചാപ്റ്റർ ചെയർമാൻ VKC റസാക്ക് ആകാശവാണി വാർത്തകളോട്............

(വോയ്സ്)

&&&&&&&&&&&&&&

<u>സേവ പർവ് (ഇൻട്രോ)</u>

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ പ്രവർത്തനങ്ങളിൽ, സുരക്ഷിത ഡിജിറ്റൽ പണമിടപാടുകൾ യാഥാർഥ്യമാക്കിയ UPI വിപ്ലവത്തെ കുറിച്ചാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

( വോയിസ്....)

&&&&&&&&&&&&&&

<u>നോർക്ക കെയർ</u>

പ്രവാസികളായ കേരളീയർക്കും കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതി 'നോർക്ക കെയർ' നാളെ നിലവിൽ വരും. പദ്ധതിയുടെ ഉദ്ഘാടനം നാളെ വൈകുന്നേരം മുഖ്യമന്ത്രി

RNU TVPM

പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുമുള്ള പ്രവാസി മലയാളികൾക്കും കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയും.

&&&&&&&&&&&&&&

**അമീബിക് മസ്തിഷ്ക ജ്വരം**

അമീബിക് മസ്തിഷ്കജ്വരത്തിനു കാരണമാകുന്ന രോഗാണുക്കളെ കണ്ടെത്താൻ മഹാത്മാഗാന്ധി സർവകലാശാല ഇന്റർ-യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ-സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ പ്രത്യേക ജലപരിശോധനാ സൗകര്യം ആരംഭിച്ചു. ജലസ്രോതസ്സുകളിൽ നിന്നുള്ള രോഗകാരിയായ അമീബകളെ കണ്ടെത്തുന്നതിനുള്ള പരിശോധനാ സൗകര്യമാണുള്ളത്. അതേസമയം, അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് നിലവിൽ പത്തു പേരാണ് കോഴിക്കോട് ചികിത്സയിൽ കഴിയുന്നത്.

PNUT VPM

&&&&&&&&&&&&&&

**ശ്രീനാരായണ ഗുരു സമാധി (ഇ ൻട്രോ)**

ശ്രീനാരായ ണഗുരുവിൻ്റെ 98-ാാം സമാധിദിനാചരണം തിരുവനന്തപുരത്ത് നടന്നു. ശിവഗിരി മഹാസമാധിയിലും ചെമ്പഴന്തി ഗുരുകുലത്തിലും അരുവിപ്പുറത്തും ഗുരുദേവ ക്ഷേത്രങ്ങളിലും വിവിധ പരിപാടികൾ നടന്നു.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്............

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&

## ഏഷ്യാ കപ്പ് ക്രിക്കറ്റ്

ഏഷ്യാ കപ്പ് ടി-20 ക്രിക്കറ്റിലെ സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായിൽ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. പ്രാഥമിക റൗണ്ടിൽ ഇരുടീമുകളും ഏറ്റുമുട്ടിയപ്പോൾ ഇന്ത്യക്കായിരുന്നു വിജയം.

**&&&&&&&&&&&&&&**

## സംസ്ഥാന സ്കൂൾ ഗെയിംസ്

സംസ്ഥാന സ്കൂൾ ഗെയിംസിന്റെ ഗ്രൂപ്പ് ഒന്ന് മത്സരങ്ങൾ നാളെ മുതൽ കണ്ണൂർ ജില്ലയിലെ വിവിധ വേദികളിലായി നടക്കും. ഏഴിനങ്ങളിലാണ് ജില്ലയിൽ മത്സരം നടക്കുന്നത്. നാളെ ഉച്ചക്ക് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. ഈ മാസം 27 വരെ ആണ് മത്സരങ്ങൾ.

RNUTVPM

**&&&&&&&&&&&&&&**

## സ്വച്ഛതാ ഹി സേവാ-കോഴിക്കോട്

കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയവും ജലശക്തി മന്ത്രാലയവും ചേർന്ന് നടത്തുന്ന 'സ്വച്ഛതാ ഹി സേവാ' ക്യാമ്പയിൻ്റെയും മാലിന്യമുക്ത നവകേരളം പദ്ധതിയുടെയും ഭാഗമായ ജനകീയ ശുചീകരണ പരിപാടികൾക്ക് മുക്കം നഗരസഭയിൽ തുടക്കമായി. ബി പി മൊയ്തീൻ പാർക്കിൽ നടന്ന ശുചീകരണം നഗരസഭ ചെയർപേഴ്സൺ പി ടി ബാബു ഉദ്ഘാടനം ചെയ്തു.

**&&&&&&&&&&&&&&**

## തീരദേശ ശുചീകരണ വാരം- കൊ ല്ലം

തീരദേശ ശുചീകരണ വാരം ആചരിക്കുന്നതിൻ്റെ ഭാഗമായി ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ നേതൃത്വത്തിൽ കൊല്ലം ബീച്ച് വൃത്തിയാക്കി. കൊല്ലം ജില്ലാ അസോസിയേഷന്റെ

നേതൃത്വത്തിൽ 500 സ്കൗട്ട് ഗൈഡുകളും 100 യൂണിറ്റ് ലീഡർമാരും ശുചീകരണ പരിപാടിയിൽ പങ്കെടുത്തു. ശേഖരിച്ച മാലിന്യങ്ങൾ ഹരിതകർമസേനയ്ക്ക് കൈമാറി.

&&&&&&&&&&&&&&

&&&&&&&&&

&&&

RNU TVPM